**ശ്രദ്ധക്ഷണിക്കൽ**

1) <u>കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി</u>

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനും വ്യവസായ മേഖലയിലെ പുരോഗതി വളരെ അത്യാവശ്യമാണ്. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ദേശീയ വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി യാഥാർത്ഥ്യമാക്കുന്നതിന് പാലക്കാട് വ്യവസായ സ്മാർട്ട്സിറ്റി പദ്ധതിക്ക് അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞതിനുപിന്നിൽ സർക്കാർ നടത്തിയ ഇടപെടൽ ഏറെ ശ്ലാഘനീയമാണ്. ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ എസ്.പി.വി. (Special Purpose Vehicle-SPV) രൂപീകരിക്കുകയും പദ്ധതിയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞുവെന്നാണ് മനസ്സിലാക്കുന്നത്. ഇതിനായി നിക്ഷേപ സമാഹരണവും നടത്തേണ്ടതായിട്ടുണ്ട്. 2022-ൽ തന്നെ സംസ്ഥാന സർക്കാർ പാലക്കാട്

വ്യവസായ സ്മാർട്ട്സിറ്റി പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കിയിരുന്നു. രണ്ടുവർഷത്തെ കാത്തിരിപ്പിനുശേഷമാണ് കേന്ദ്രഗവൺമെന്റിൽ നിന്ന് അനുവാദം കിട്ടിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെയും വ്യവസായ വകുപ്പുമന്ത്രി കേന്ദ്ര വ്യവസായ വകുപ്പുമന്ത്രിയെയും നിരന്തരം നേരിൽക്കണ്ട് അപേക്ഷ നൽകിയതിനെത്തുടർന്നാണ് ഇപ്പോൾ ടി വ്യവസായ ഇടനാഴിക്ക് അനുവാദം ലഭിച്ചിരിക്കുന്നതെന്നാണ് അറിയാൻ സാധിച്ചത്. ടി പദ്ധതി രണ്ടുകൊല്ലം മുമ്പ് അനുവദിച്ചിരുന്നെങ്കിൽ ഇക്കാലയളവിനുള്ളിൽ ഇതിനാവശ്യമായ ധനസമാഹരണവും നിക്ഷേപ സമാഹരണവും നടത്താൻ സർക്കാരിന് കഴിയുമായിരുന്നു. ഇതുപോലുള്ള എല്ലാകാര്യങ്ങൾക്കും കേന്ദ്ര സർക്കാരിൽ നിന്നുള്ള അനുവാദം ലഭിക്കാൻ വലിയ കാലതാമസമുണ്ടാകുന്നുവെന്നത് സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഇപ്പോൾത്തന്നെ ഏകദേശം മൂവായിരത്തി എണ്ണൂറിലേറെ കോടി രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ മൊത്തം പദ്ധതി തുകയുടെ പകുതി കേന്ദ്ര സർക്കാരാണ് നൽകേണ്ടത്. പദ്ധതിയുടെ പ്രവർത്തനങ്ങളാരംഭിക്കുമ്പോൾ ടി

തുക കൃത്യമായി ലഭ്യമാക്കിയാൽ മാത്രമെ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ വിവേചനപൂർണ്ണമായ നടപടി സ്വീകരിച്ചാൽ ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ സംസ്ഥാന സർക്കാരിന് പ്രയാസമുണ്ടാകുമെന്നതാണ് വസ്തുത. എന്നാൽ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ നിരന്തരമായ ഇടപെടലിലൂടെ പദ്ധതിക്കാവശ്യമായ പണം യഥാസമയം ലഭ്യമാകാൻ സഹായകമാകുമെന്നാണ് കരുതുന്നത്. വ്യവസായരംഗത്ത് എല്ലാ മേഖലയിലും പുരോഗതി ഉണ്ടാകേണ്ടതായിട്ടുണ്ട്. അക്കാര്യത്തിൽ സർക്കാർ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ടെന്ന് മാത്രമല്ല, അതിന്റെ ഭാഗമായി വ്യവസായ വകുപ്പുമന്ത്രി മുൻകയ്യെടുത്ത് കൂടുതൽ നിക്ഷേപം സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നുണ്ടെന്നതും ഏറെ സന്തോഷമുണ്ട്. ഇതോടൊപ്പം ഒരു കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കണ്ണൂർ എയർപോർട്ടിന്റെ പരിസരപ്രദേശത്തെ വ്യവസായ വളർച്ച ലക്ഷ്യമിട്ട് കിൻഫ്ര അയ്യായിരത്തോളം ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള നടപടി ആരംഭിച്ചിരിക്കുകയാണ്. ഭൂമിയേറ്റെടുക്കൽ നടപടികളുമായി അവർ മുന്നോട്ടുപോകുന്നുണ്ട്; എന്നാൽ അത്

ത്വരിതപ്പെടുത്തേണ്ടതാവശ്യമാണ്. വ്യവസായ ഇടനാഴികളെ ബന്ധിപ്പിക്കുന്നൊരു നെറ്റ്‌വർക്കുണ്ടാക്കി മട്ടന്നൂർ ഇൻഡസ്ട്രിയൽ പാർക്കും ഇതിന്റെ ഭാഗമായി കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കുമെന്ന് കരുതുകയാണ്. ഈയടുത്ത ദിവസമാണ് അവിടെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ ഉദ്ഘാടനം നടന്നത്. ടി ഫാക്ടറിയുടെ ഉദ്ഘാടനം കഴിഞ്ഞ് വളരെ പെട്ടെന്നുതന്നെ അവിടത്തെ സ്ഥലം കൈവശപ്പെടുത്തുകയും ആളുകൾ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അത് ത്വരിതപ്പെടുത്താനുള്ള നടപടി കൂടി സ്വീകരിക്കണം. ഇതോടൊപ്പം ഒരു കാര്യം കൂടി ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കണ്ണൂർ എയർപോർട്ടിന് 'പോയിന്റ് ഓഫ് കോൾ' പദവി നൽകാൻ കേന്ദ്രം വിസമ്മതിക്കുന്നു. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന് പോയിന്റ് ഓഫ് കോൾ പദവി ലഭ്യമായാൽ അത് അവിടത്തെ വ്യവസായ വളർച്ചയ്ക്ക് ഏറ്റവും കൂടുതൽ സഹായകമാകും. ബഹുമാനപ്പെട്ട മന്ത്രി പാർലമെന്റ് അംഗമായിരുന്നൊരാളാണ്. അങ്ങയോടൊപ്പം പാർലമെന്റിലുണ്ടായിരുന്ന എം.പി.-മാർ കേന്ദ്രത്തിൽ ഇപ്പോൾ മന്ത്രിമാരാണ്. അവരുടെയൊക്കെ

സഹായത്തോടെ കണ്ണൂർ എയർപോർട്ടിന് പോയിന്റ് ഓഫ് കോൾ പദവി ലഭ്യമാക്കാനുള്ള പരിശ്രമം കൂടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. വ്യവസായ വകുപ്പുമന്ത്രി വ്യവസായികളെ സഹായിക്കുന്നതിനുള്ള ഒട്ടേറെ വ്യവസായ സൗഹൃദ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിൻഫ്രയുടെ ഭൂമിയുടെ ലീസ് വർധിച്ചതുകൊണ്ട് വ്യവസായികൾ ഇങ്ങോട്ട് വരാൻ വിസമ്മതം പ്രകടിപ്പിക്കുന്നുവെന്ന് മനസ്സിലാക്കിയ ഉടൻതന്നെ ടി തുക തവണകളായി അടയ്ക്കാനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായെന്നത് വളരെയേറെ അഭിനന്ദനാർഹമായ കാര്യമാണ്. തൊഴിൽലഭ്യതയും നിക്ഷേപവും വർധിപ്പിക്കുന്നതിനുള്ള ഇടപെടൽ നടത്തി നിരവധി യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയുന്ന ഇൻഡസ്ട്രിയൽ പാർക്കുകളും സ്മാർട്ട്സിറ്റികളും കേരളത്തിലുണ്ടാക്കാൻ അങ്ങ് നടത്തുന്ന പരിശ്രമത്തെ അഭിനന്ദിക്കുന്നതോടൊപ്പം സമയബന്ധിതമായി ഈ പദ്ധതി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കേരളത്തിന്റെ വ്യവസായ ഭൂപടത്തിൽ കാതലായ മാറ്റമുണ്ടാക്കാൻ സഹായിക്കുന്ന പദ്ധതിയെ സംബന്ധിച്ചും അത് വേഗത്തിൽ നടപ്പിലാക്കുന്നതിനെക്കുറിച്ചുമാണ് മുൻ മന്ത്രികൂടിയായ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇവിടെ ഉന്നയിച്ചത്. ബഹുമാന്യയായ അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ടി പദ്ധതിക്കായി നേരത്തെതന്നെ ഭൂമി ഏറ്റെടുത്ത് കൈമാറിയിരുന്നു. ഈ പദ്ധതി 50:50 അനുപാതത്തിൽ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ 50 ശതമാനം ഇക്വിറ്റിയെന്നത് ലാൻഡ് വാല്യൂ പൂർണ്ണമായും സർക്കാർ ഇക്വിറ്റിയായും തുല്യമായ തുക യൂണിയൻ ഗവൺമെന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനുവേണ്ടി ചെലവഴിക്കുന്നൊരു പദ്ധതിയാണിത്. അതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം പൂർണ്ണമായി ചെലവഴിച്ചുകഴിഞ്ഞതായാണ് കണക്കാക്കുന്നത്. അതിൽ അവസാനഘട്ടമെന്ന നിലയിൽ 240 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടിയാണ് പൂർത്തീകരിക്കാനുള്ളത്. നേരത്തെ സൂചിപ്പിച്ചതുപോലെ 2022 ഡിസംബർ 14-ന് തന്നെ ഈ പദ്ധതിക്കാവശ്യമായ ബാക്കി ഭൂമി

ഏറ്റെടുത്തതിന്റെ അടിസ്ഥാനത്തിൽ അതിന്റെ ബോർഡ് അംഗീകാരം നൽകുകയുണ്ടായി. 2024 ആഗസ്റ്റ് 28-നാണ് മന്ത്രിസഭ അംഗീകാരം നൽകിയത്. അതിന്റെ മാസ്റ്റർ പ്ലാൻ, ഡി.പി.ആർ. എന്നിവ അംഗീകരിക്കുകയും 2024 ഫെബ്രുവരി 15-ന് പാരിസ്ഥിതിക അനുമതി ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. ഞാനും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരും ടി സ്ഥലം സന്ദർശിച്ചിരുന്നു. കഴിഞ്ഞ ദിവസം എൺവയോൺമെന്റൽ ജോയിന്റ് സെക്രട്ടറിയും കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ചേർന്ന് സ്ഥലം സന്ദർശിക്കുകയുണ്ടായി. ടി പദ്ധതിക്കുള്ള ആദ്യഗഡു വിഹിതം ഉടൻതന്നെ തരുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനനുസൃതമായ മറ്റ് പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധക്ഷണിക്കലിൽ പ്രധാനമായും ഗ്ലോബൽസിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് സൂചിപ്പിച്ചിട്ടുള്ളത്. അതിലേക്കാണ് പ്രധാനമായും സർക്കാരിന്റെ ശ്രദ്ധക്ഷണിച്ചിട്ടുള്ളത്. ഗ്ലോബൽസിറ്റിയുടെ ഭാഗമായി Early bird project ആയി ആരംഭിക്കുന്നതിന് എറണാകുളം ജില്ലയിൽ അയ്യമ്പുഴ വില്ലേജിൽ 500

ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. 500 ഏക്കർ ഭൂമിക്ക് 500 കോടി രൂപയെന്നാണ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ, പിന്നീട് നടന്ന ചർച്ചകൾക്കുശേഷം 358 ഏക്കർ ഭൂമിക്കാവശ്യമായ ഫണ്ട് കിഫ്ബി അനുവദിച്ച് കഴിഞ്ഞിട്ടുണ്ട്. നേരത്തെ കണക്കാക്കിയതിൽ നിന്നും വ്യത്യസ്തമായി സ്ഥലവിസ്തൃതി കുറഞ്ഞെങ്കിലും ഭൂമിവില 840 കോടി രൂപയായി ഉയർന്നിട്ടുണ്ട്. അത് കിഫ്ബി അംഗീകരിച്ചു. 50:50 ഇക്വിറ്റി പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള എസ്.പി.വി.യെ നിയോഗിക്കുകയും അതിന്റെ തുടർനടപടികളുമായി മുന്നോട്ടുപോയെങ്കിലും അത് തത്ക്കാലം നിർത്തിവയ്ക്കണമെന്നാണ് ജനുവരിയിൽ ആവശ്യപ്പെട്ടത്. ഗിഫ്റ്റ്സിറ്റി എന്നായിരുന്നു ആദ്യം പേരിട്ടിരുന്നതെങ്കിലും ഗുജറാത്തിൽ ഗിഫ്റ്റ്സിറ്റി ഉള്ളതുകൊണ്ട് ആ പേര് മാറ്റണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതിനാൽ ആ പേര് മാറ്റി ഗ്ലോബൽ സിറ്റി എന്നാക്കി മാറ്റിയെങ്കിലും ഇപ്പോഴും അംഗീകാരം കിട്ടിയിട്ടില്ല. ഭൂമി ഏറ്റെടുക്കൽ 19/01 വരെ എത്തിനിൽക്കുന്നതുകൊണ്ടും കിഫ്ബി ഫണ്ട് അനുവദിക്കാമെന്ന് അംഗീകരിച്ചതിന്റെകൂടി അടിസ്ഥാനത്തിൽ അനുമതി കിട്ടുമെന്ന പ്രതീക്ഷയിൽ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ട്

പോകുന്നതിനെക്കുറിച്ചാണ് ഇപ്പോൾ സർക്കാർ ആലോചിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം അതിനോടനുബന്ധമായി മട്ടന്നൂർ കൂടി ചേർത്തിട്ടുണ്ട്. പാലക്കാട് സ്മാർട്ട്സിറ്റി വരുമ്പോൾ അത് ആ ജില്ലയ്ക്ക് മാത്രം ഗുണപ്രദമാകുന്ന പദ്ധതിയായിട്ടല്ല വിഭാവനം ചെയ്യുന്നത്. അതിന് വലിയൊരു കാച്ച്മെന്റ് ഏരിയ വരും. അതിന് സാധ്യമായി വ്യവസായങ്ങൾ ശക്തിപ്പെടാൻ കഴിയുന്ന മേഖലകളുണ്ട്. മലപ്പുറം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ ജില്ലകൾ അതിലുൾപ്പെടാം. ഈ കോറിഡോർ മാംഗ്ലൂർ വരെ ലിങ്ക് ചെയ്യണമെന്നൊരാവശ്യം നേരത്തെ ഉന്നയിച്ചിരുന്നു. അതിന് അംഗീകാരം കിട്ടിയിട്ടില്ല. എങ്കിലും മട്ടന്നൂരിന്റെ ഉൾപ്പെടെ കണ്ണൂരിന്റെ പൊതു സാധ്യത കൂടി ഉപയോഗിക്കാം. ബഹുമാന്യയായ അംഗം പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ എയർപോർട്ടുമായി ബന്ധപ്പെട്ട സാധ്യത, അതിലെ പോയിന്റ് ഓഫ് കോളിന്റെ കാര്യത്തിൽ, നേരത്തെ മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഞാൻ തന്നെ അന്നത്തെ കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രി ശ്രീ. ജ്യോതിരാദിത്യ സിന്ധ്യയുമായി നേരിൽ സംസാരിക്കുകയുണ്ടായി. കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയും ന്യൂനപക്ഷക്ഷേമം,

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ ഉൾപ്പെടെ കേന്ദ്രമന്ത്രിയെ നേരിൽകണ്ട് ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. വളരെ ന്യായമായ ആവശ്യമാണ്. ഇതിലൂടെ നമുക്ക് മറ്റ് കാര്യങ്ങൾക്കുകൂടി സൗകര്യപ്രദമാകുമെന്നാണ് കണക്കാക്കുന്നത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കൊച്ചി ഗ്ലോബൽസിറ്റിക്ക് അംഗീകാരം പെട്ടെന്ന് കിട്ടുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. അങ്ങ് അക്കാര്യത്തിൽ ഇടപെടുന്നതിൽ വലിയ സന്തോഷമുണ്ട്. കെ.ബി.ഐ.സി.-ക്ക് അനുവദിച്ച ഇൻഡസ്ട്രീസ് സ്മാർട്ട്സിറ്റി പാലക്കാട് വരുമ്പോഴും അതിന്റെ ഭാഗമായി ഗ്ലോബൽസിറ്റി കൊച്ചിയിൽ വരുമ്പോഴും കേരളത്തിന്റെ വ്യവസായ ഭൂപടത്തിൽ അങ്ങ് ഊന്നൽ നൽകാനുദ്ദേശിക്കുന്ന മേഖലകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഞങ്ങളിതൊന്നും പഠിക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വിമർശിച്ചെങ്കിലും തൊഴിൽ മേഖലയിലും ഉല്പാദനരംഗത്തും ആഗോളതലത്തിൽ വരുന്ന മാറ്റങ്ങൾകൂടി മനസ്സിലാക്കിക്കൊണ്ടാണ് വ്യവസായ നയം അംഗീകരിച്ചിട്ടുള്ളതും നോളജ്

ഇൻഡസ്ട്രിയും നോളജ് സൊസൈറ്റിയും എന്ന രീതിയിലുള്ള ഒരു നിലപാട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുവച്ചിരിക്കുന്നതും. അതിന്റെയടിസ്ഥാനത്തിലാണ് സ്മാർട്ട്സിറ്റിക്കാവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയിട്ടുള്ളത്. ഫാർമസ്യൂട്ടിക്കൽസ്, മെഡിസിനൽ കെമിക്കൽസ്, ബൊട്ടാണിക്കൽ ഉല്പന്നങ്ങൾ, ടെക്സ്റ്റൈൽസ് ആൻഡ് അപ്പാരൽസ്, ഫൂഡ് ബിവറേജസ്, നോൺ മെറ്റാലിക് മിനറൽ ഉല്പന്നങ്ങൾ, റബ്ബർ, പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഹൈ-ടെക് വ്യവസായം ഫാബ്രിക്കേറ്റഡ് മെറ്റൽ മെഷീനറി എന്നിങ്ങനെയുള്ള മേഖലയ്ക്കാണ് പ്രാധാന്യം കൊടുത്തിട്ടുള്ളത്. കേരളത്തെ ഹൈടെക് മാനുഫാക്ച്ചറിങ്ങിന്റെ ഹബ്ബാക്കി മാറ്റാൻ ഈ സാധ്യത ഉപയോഗപ്പെടുത്തുകയാണ്. കേരളം, ഇന്ത്യയിലെ ചെറിയൊരു പ്രദേശമാണെങ്കിലും മെഡിക്കൽ ഡിവൈസ് ഇൻഡസ്ട്രിയുടെ 24 ശതമാനവും സംഭാവന ചെയ്യുന്നത് കേരളമാണ്. അത് കൂടുതൽ ശക്തിപ്പെടുത്താനും ഈ മേഖല വിനിയോഗിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്.

(2) ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള കുടുംബ പെൻഷൻ

ശ്രീ. ചാണ്ടി ഉമ്മൻ: സർ, ശാരീരിക വൈകല്യവും മാനസിക വെല്ലുവിളികളും നേരിടുന്ന ഭിന്നശേഷിക്കാർക്ക് മറ്റ് ഉപജീവനമാർഗ്ഗങ്ങളോ ബാങ്ക് പലിശയിലൂൾപ്പെടെ 60,000 രൂപ വാർഷിക വരുമാനമോ ഉണ്ടെങ്കിൽ 25 വയസ് കഴിഞ്ഞാൽ കുടുംബ പെൻഷൻ പൂർണമായി നിഷേധിക്കുന്ന തരത്തിൽ ധനകാര്യ വകുപ്പ് ഇപ്പോൾ ഒരുത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. കുടുംബ പെൻഷൻ, മക്കൾക്ക് 25 വയസ് വരെയും ഭിന്നശേഷിക്കാരായ മക്കൾക്കോ അവിവാഹിതരായ പെൺമക്കൾക്കോ 25 വയസ് കഴിഞ്ഞും നൽകിയിരുന്ന രീതിയായിരുന്നു 2003 മുതൽ ഇവിടെയുണ്ടായിരുന്നത്. എന്നാൽ, അവിവാഹിതരായ പെൺമക്കൾക്ക് വാർഷിക വരുമാനം 60,000 രൂപയായാൽ കുടുംബ പെൻഷൻ നൽകേണ്ടതില്ലെന്ന് 2021-ൽ ഇടതുപക്ഷ സർക്കാർ തീരുമാനിക്കുകയും അത് നടപ്പിലാക്കുകയും ചെയ്തു. ഈ വരുമാനപരിധി ഭിന്നശേഷിക്കാരുടെ കാര്യത്തിലും നടപ്പാക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. ഇതുരണ്ടും ഒരുപോലുള്ള കേസാണോയെന്ന് ആലോചിക്കണം. ജീവനക്കാരുടെ ആശ്രിതരായ ഭാര്യ/ഭർത്താവിന്റെ കാലശേഷം

ഭിന്നശേഷിക്കാരും മാനസിക വെല്ലുവിളി നേരിടുന്നതായ മക്കൾക്ക് ലഭിച്ചുവരുന്ന കുടുംബ പെൻഷൻ തടയാനുള്ള ശ്രമമാണ് ഇതിലൂടെ സർക്കാർ സ്വീകരിക്കുന്നത്. ഭിന്നശേഷിക്കാർ പ്രത്യേക പരിഗണന അർഹിക്കുന്നില്ലെന്ന നിലപാടല്ലേ ഇതിലൂടെ സർക്കാർ വെളിപ്പെടുത്തുന്നത്; മാതാപിതാക്കളുടെ സംരക്ഷണയിൽ സുരക്ഷിതരായ ഇവരുടെ ഭാവിജീവിതത്തിൽ ഇരുളുപകർത്തുന്ന ഉത്തരവാണിത്. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി നമുക്ക് മനസ്സിലാക്കാം. പക്ഷേ, ഇതിന്റെ ഭാരം പരാശ്രയത്തിൽ മാത്രം ജീവിതം സാധ്യമായ ഭിന്നശേഷിക്കാരുടെ മേൽ അടിച്ചേൽപിക്കുന്നത് എത്ര കഷ്ടമാണ്. തന്റെ മരണശേഷവും മക്കൾ സുഖമായി ജീവിക്കണമെന്നാണ് ഏതൊരു മാതാപിതാക്കളും ആഗ്രഹിക്കുന്നത്. അതിനുവേണ്ടിയാണ് അവർ നിക്ഷേപം നടത്തുന്നത്. ആ നിക്ഷേപത്തിന്റെ പേരിലാണ് അവർക്കുള്ള അവകാശം ഇന്ന് സർക്കാർ എടുത്തുകളയുന്നത്. ഇത്തരത്തിലുള്ള മക്കൾക്ക് എത്രമാത്രം പ്രയാസവും ആശങ്കയുമായിരിക്കും ഈ ഉത്തരവിലൂടെ ഉണ്ടാകുന്നതെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഓട്ടിസം പോലുള്ള രോഗങ്ങൾ ബാധിച്ചവരും മറ്റ് ഭിന്നശേഷിക്കാരുമായ നിരവധി പേർക്ക്

മുൻകാലങ്ങളിൽ ലഭിച്ചുവന്ന കുടുംബ പെൻഷൻ പാടേ നിഷേധിക്കുന്ന നടപടിയാണ് ഇപ്പോൾ സർക്കാർ എടുത്തിരിക്കുന്നത്. മാതാപിതാക്കളുടെ കാലശേഷം പരസഹായം കൊണ്ട് ജീവിക്കേണ്ട നിരവധി പേരെ ഇത് ബാധിക്കും. ജീവിതച്ചെലവിനുപുറമെ മരുന്ന്, ചികിത്സ, കൂടാതെ ഒരു സഹായിയെക്കൂടി ചിലപ്പോൾ ആവശ്യമാണ്. മാതാപിതാക്കളുടെ മരണത്തിനുശേഷമാണ് ഇത്തരക്കാർക്ക് മറ്റൊരാളുടെ സേവനം അനിവാര്യമായിവരുന്നത്. അങ്ങനെയുള്ള സാഹചര്യത്തിൽ 60,000 രൂപയെന്ന വാർഷിക വരുമാനപരിധിയെന്ന് പറയുമ്പോൾ അത് പ്രതിമാസം വെറും 5,000 രൂപ മാത്രമേയുള്ളൂ. ഇത് ഒരു സാധാരണക്കാരന് ജീവിക്കാൻ സാധിക്കുന്ന തുകയല്ല. ഇക്കാലത്തെ ചെലവുകളുടെ അടിസ്ഥാനത്തിൽ ഞാൻ കൂടുതൽ പറയേണ്ട ആവശ്യമില്ല. നമുക്കോരോരുത്തർക്കുപോലും ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർ എങ്ങനെയാണ് ജീവിക്കുന്നതെന്ന് ചിന്തിച്ചിട്ടുണ്ടോ; സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്തയും മറ്റാനുകൂല്യങ്ങളും കുടിശ്ശികയാക്കുകയും അനധികൃതമായി കാലതാമസം വരുത്തുകയും ഇനിയൊരു സർക്കാരിനും ഒരു

കാലത്തും കൊടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടാക്കിയിരിക്കുകയാണ് ഈ സർക്കാർ. അതിനുപുറമെ, കുടുംബപെൻഷനിലും കുടുംവെട്ട് നടത്താനാണ് പ്രസ്തുത ഉത്തരവിലൂടെ ധനകാര്യ വകുപ്പ് ശ്രമിക്കുന്നത്. വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും വിഭാഗങ്ങൾക്കും നൽകേണ്ട ബാധ്യത എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുപോലുമില്ലെന്നാണ് ബഹുമാനപ്പെട്ട അംഗം പി. കെ. ബഷീർ 11.06.2024-ന് നിയമസഭയിൽ ഉന്നയിച്ച ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകിയത്. കുടിശ്ശിക കൊടുക്കാൻ ഉദ്ദേശിച്ചിട്ടില്ലെന്നല്ലേ ഇതിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്; ഇത്തരത്തിൽ സാമ്പത്തികലാഭം കണ്ടെത്താൻ ഗവേഷണങ്ങൾ നടത്തി ഉപദേശങ്ങൾ കൊടുക്കുന്നത് ആരാണ്; ഭിന്നശേഷിക്കാരും മാനസിക വെല്ലുവിളികൾ നേരിടുന്നവരുമായ ഇത്തരക്കാരുടെ കാര്യത്തിൽ ഈ സർക്കാരിന്റെ നയം ഇതാണോ; സ്വന്തമായി പ്രതികരിക്കാൻപോലും കഴിയാത്തവരോടാണോ ഇത്തരത്തിലുള്ള നീതിനിഷേധം; ആയതിനാൽ പുതുതായി നിശ്ചയിച്ച വരുമാനപരിധി ഒഴിവാക്കണമെന്ന വിഷയത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിച്ചുകൊള്ളുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഒരു ജീവനക്കാരൻ/പെൻഷണർ മരണപ്പെടുന്നപക്ഷം കെ.എസ്.ആർ പാർട്ട് III-യുടെ ചട്ടം 90(6) അനുശാസിക്കുന്ന കുടുംബത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെട്ട വിഭാഗങ്ങൾക്കുള്ള അർഹതയ്ക്ക് വിധേയമായാണ് കുടുംബ പെൻഷൻ അനുവദിച്ചുവരുന്നത്. ടി ചട്ടപ്രകാരം ജീവനക്കാരന്റെ/ജീവനക്കാരിയുടെ ഭാര്യ/ഭർത്താവ്, 25 വയസ്സുവരെയുള്ള മക്കൾ എന്നിവർക്ക് മാത്രമാണ് കുടുംബ പെൻഷന്റെ സ്വാഭാവിക അവകാശം കൈവരുന്നത്. ഈ പട്ടികയിലെ മറ്റ് വിഭാഗത്തിലുള്ളവർ അതായത്, 25 വയസ്സിനുമുകളിൽ പ്രായമുള്ള മാനസിക-ശാരീരിക വൈകല്യമുള്ള മക്കൾ, അവിവാഹിതരായ പെൺമക്കൾ, മാതാപിതാക്കൾ എന്നിവർ ഔദാര്യ അവകാശികളാണ്. സ്വാഭാവിക അവകാശികളാരും ഇല്ലാതിരിക്കുമ്പോൾ മുൻഗണനാക്രമത്തിൽ ഔദാര്യ അവകാശികൾക്ക് അർഹതവരുന്നു. ഇപ്രകാരമുള്ള ഔദാര്യ അവകാശികളായ 25 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ പെൺമക്കൾ, മാതാപിതാക്കൾ എന്നിവർക്ക് വരുമാന പരിധിയുൾപ്പെടെയുള്ള അർഹതകൾ പരിശോധിച്ചുമാത്രമാണ് കുടുംബ പെൻഷൻ അനുവദിക്കുന്നത്. ഇവർക്ക് കുടുംബ

പെൻഷൻ അനുവദിക്കുന്നതിനുള്ള നിലവിലെ വാർഷിക വരുമാനപരിധി, ഉത്തരവുപ്രകാരം 60,000 രൂപയാണ്. സാമൂഹ്യനീതി വകുപ്പിന്റെ 22-06-2023-ലെ സർക്കുലർ പ്രകാരം ഭിന്നശേഷിക്കാർക്കുള്ള ഏകീകൃത തിരിച്ചറിയൽ കാർഡ് സർക്കാർ ആനുകൂല്യങ്ങൾക്കുള്ള ആധികാരിക രേഖയായി അംഗീകരിച്ചുകൊണ്ട് നിർദേശം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ UDID (Unique Disability ID) കാർഡ്, ഭിന്നശേഷിക്കാർക്ക് കുടുംബപെൻഷൻ അനുവദിക്കുന്നതിനുള്ള ആധികാരിക രേഖയായി അംഗീകരിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിക്കുകയും ഭിന്നശേഷി അവകാശ നിയമം, 2016 റൂൾ 24(1)(g) കൂടി കണക്കിലെടുത്തുകൊണ്ട് സർക്കാർ ജീവനക്കാരുടെ ആശ്രിതരായ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് കുടുംബ പെൻഷൻ അനുവദിക്കുന്നതിന് 60,000 രൂപ വാർഷിക വരുമാനപരിധി ഉൾപ്പെടെയുള്ള മാർഗ്ഗനിർദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1,600 രൂപ ലഭിക്കുന്ന സാമൂഹ്യക്ഷേമ പെൻഷനിലുൾപ്പെട്ട ഭിന്നശേഷി പെൻഷൻ നൽകുന്നതിലേക്കായി വരുമാനപരിധി ഒരു ലക്ഷം രൂപയായി

നിശ്ചയിച്ചിട്ടുണ്ട്. ടി സാഹചര്യം കണക്കിലെടുത്തും അനർഹരായവർക്ക് ജീവിതകാലം മുഴുവൻ നൽകേണ്ട ഔദാര്യ കുടുംബ പെൻഷൻ കൈപ്പറ്റുന്നത് തടയുന്നതിനും ഭിന്നശേഷി അവകാശ നിയമം, 2016 റൂൾ 24(1)(g) വ്യവസ്ഥ പാലിക്കാനുമാണ് സർക്കാർ ഈ വ്യവസ്ഥ ബാധകമാക്കിയത്. പ്രസ്തുത ഉത്തരവിലെ വരുമാനപരിധി വ്യവസ്ഥയ്ക്കെതിരെ വിവിധ മേഖലകളിൽനിന്നും സർക്കാരിന് നിവേദനങ്ങൾ ലഭ്യമായതിനെത്തുടർന്ന് കുടുംബപെൻഷൻ അനുവദിക്കുന്നതിന് 60,000 രൂപയായി വാർഷിക വരുമാനപരിധി നിശ്ചയിച്ചത് പുനഃപരിശോധിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, 25 കഴിഞ്ഞ അവിവാഹിതരായ പെൺമക്കൾക്കും ഭിന്നശേഷിക്കാരും മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും വരുമാനപരിധി നിശ്ചയിച്ച തീരുമാനമെടുത്തത് ഏതെങ്കിലുമൊരു പഠനത്തിന്റെയോ ശിപാർശയുടെയോ വിലയിരുത്തലിന്റെയോ അടിസ്ഥാനത്തിലാണോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വകുപ്പിനകത്തുള്ള അനുഭവത്തിന്റെയും പഠനത്തിന്റെയും അടിസ്ഥാനത്തിലാണ് വരുമാനപരിധി നിശ്ചയിച്ചത്. ഇത് പല മേഖലകളിലും ദുരുപയോഗം ചെയ്യുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ സർക്കുലർ നേരത്തേ വന്നിരുന്നില്ല. നിലവിൽ വന്നിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധന നടത്തുന്നുണ്ട്.